## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം - വൈസ് ചാൻസിലറുടെ ചില അധികാരങ്ങൾ പ്രോ-വൈസ് ചാൻസിലർക്ക് നൽകിക്കൊണ്ടുള്ള ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഭരണവിഭാഗം എ1 സെക്ഷൻ

നം.6594/എ1/2/2017/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 04.11.2017

സൂചന: 1. സർവ്വകലാശാല ഉത്തരവ് നം. 4999/എ1/2/2014/ഭ. വിഭാഗം തീയതി 08.10.2014.
2. സർവ്വകലാശാല ഉത്തരവ് നം. 5491/എ1/2/2015/ഭ. വിഭാഗം തീയതി 11.10.2017.
3. രജിസ്ട്രാറുടെ കുറിപ്പ് നം. രജി/2/258/2017 തീയതി 03.11.2017.

### ഉത്തരവ്

സർവ്വകലാശാലയുടെ പ്രൊ വൈസ് ചാൻസിലറായി ഡോ. സാബു തോമസ് 31.08.2017 പൂർവ്വാഹ്നത്തിൽ ചുമതല ഏറ്റെടുത്തതിനെത്തുടർന്ന്, മേൽ സൂചന (1)ലെ സർവ്വകലാശാല ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ തത്തുല്യമായി പ്രൊ വൈസ് ചാൻസിലർക്ക് തിരികെ നൽകിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരുന്നു. ആയതിന്റെ ഉത്തരവ് സൂചന (2) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ക്രമനമ്പർ 7, 8-ൽ പരാമർശിച്ചിട്ടുള്ള അധികാരങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാക്കിക്കൊണ്ട് സൂചന (2)ലെ സർവ്വകലാശാല ഉത്തരവ് പരിഷ്കരിക്കുന്നതിനായി രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

| സർവ്വകലാശാല ഉത്തരവുകളിലെ ക്രമനമ്പർ | സൂചന (1)ലെ സർവ്വകലാശാല ഉത്തരവ് പ്രകാരം പ്രൊ വൈസ് ചാൻസിലർക്ക് നൽകിയ അധികാരം | സൂചന (2)ലെ സർവ്വകലാശാല ഉത്തരവ് പ്രകാരം പ്രൊ വൈസ് ചാൻസിലർക്ക് നൽകിയ അധികാരം | ക്രമനമ്പർ (7), (8) താഴെ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാക്കിക്കൊണ്ട് സൂചന (2)ലെ ഉത്തരവ് പരിഷ്കരിച്ചിരിക്കുന്നു. |
|---|---|---|---|
| 7. | To declare satisfactory completion of probation of officers upto and including Joint Registrars and that of teachers other than Professors | സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരുടെയും, പ്രൊഫസർമാർ ഒഴികെയുള്ള അദ്ധ്യാപകരുടെയും പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് നൽകൽ. | സർവ്വകലാശാലയിലെ സെക്ഷൻ ഓഫീസർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരുടെയും, പ്രൊഫസർമാർ ഒഴികെയുള്ള അദ്ധ്യാപകരുടെയും പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് നൽകൽ. |
| 8. | To sanction leave of all kinds other than Extra Ordinary Leave to all members of University staff including Heads of the Departments / Schools other than Professors and Branch Officers | പ്രൊഫസർമാരും ബ്രാഞ്ച് ഓഫീസർമാരും ഒഴികെയുള്ള എല്ലാ ഡിപ്പാർട്ട്മെന്റ്/സ്കൂൾ മേധാവികളുടേയും, സർവ്വകലാശാല ജീവനക്കാരുടെയും, എക്സ്ട്രാ ഓർഡിനറി അവധി ഒഴികെയുള്ള എല്ലാ അവധികളും അനുവദിച്ച് നൽകൽ. | പ്രൊഫസർമാരും ബ്രാഞ്ച് ഓഫീസർമാരും ഒഴികെയുള്ള എല്ലാ ഡിപ്പാർട്ട്മെന്റ്/സ്കൂൾ മേധാവികൾ ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെയും, സെക്ഷൻ ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിലെ ഓഫീസർമാരുടെയും എക്സ്ട്രാ ഓർഡിനറി അവധി ഒഴികെയുള്ള എല്ലാ അവധികളും അനുവദിച്ച് നൽകൽ. |

തദനുസരണം സൂചന (2)ലെ സർവ്വകലാശാല ഉത്തരവ് പരിഷ്കരിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ സെക്ഷനുകൾ/സ്കൂളുകൾ/ഡിപ്പാർട്ടുമെന്റുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലർ/പ്രൊവൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി.യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി
8. റിക്കോഡ്സ്/സ്റ്റോക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

റഫറൻസ് ഫയൽ നമ്പർ: എഡി.എ1-2/30/2014